**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 14** **22-06-2026-ൽ മറുപടിയ്ക്ക്**

**കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പ്രവർത്തനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. നാട്ടകം സുരേഷ്
ഡോ. മാത്യു കുഴൽനാടൻ
ശ്രീ. സിറിയക് തോമസ്
ശ്രീ. റോണി. കെ. ബേബി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയുള്ള നിയമനങ്ങളിൽ കാലതാമസം നേരിടുന്നുവെന്നും പരീക്ഷാ നടപടികളിൽ വീഴ്ച സംഭവിക്കുന്നുവെന്നുമുള്ള ആക്ഷേപങ്ങൾ ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയുള്ള നിയമനങ്ങളിൽ കാലതാമസം നേരിടുന്നുവെന്നും പരീക്ഷാനടപടികളിൽ വീഴ്ച സംഭവിക്കുന്നുവെന്നുമുള്ള ആക്ഷേപങ്ങൾ വളരെ ഗൗരവമായി കാണുന്നു.

പി.എസ്.സി പരീക്ഷകൾ കുറ്റമറ്റ രീതിയിലും സൂക്ഷ്മതയോടും കൂടി നടത്തുവാൻ വേണ്ട നടപടികൾ പി.എസ്.സി സ്വീകരിക്കുന്നതായി അറിയിച്ചിട്ടുണ്ട്.

**(ബി)** മുൻ സർക്കാരിന്റെ കാലത്ത് പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയുള്ള നിയമനങ്ങളിൽ തട്ടിപ്പ് നടന്നുവെന്നും പരീക്ഷ നടപടികളിൽ വീഴ്ച സംഭവിച്ചു എന്നുമുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആക്ഷേപങ്ങളിൽ അന്വേഷണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2016-21 കാലയളവിൽ ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർക്കാർ ഇക്കാര്യങ്ങൾ പരിശോധിച്ചുവരുന്നു.

കേരള പബ്ലിക് സർവീസ് കമ്മീഷൻ വളരെ സുരക്ഷിതമായി നടത്തുന്ന പരീക്ഷകളിൽ ഉദ്യോഗാർത്ഥികളുടെ ഭാഗത്തു നിന്നും സംഭവിക്കാവുന്ന ക്രമക്കേടുകൾ തടയുന്നതിനായി സമഗ്രമായ സുരക്ഷാ സംവിധാനങ്ങളോടു കൂടിയ പരീക്ഷാ സമ്പ്രദായമാണ് രൂപപ്പെടുത്തിയിട്ടുള്ളത്. എല്ലാ പരീക്ഷാകേന്ദ്രങ്ങളിലും പി.എസ്.സി.യിലെ ഉദ്യോഗസ്ഥരുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് പരീക്ഷകൾ നടക്കുന്നത്. കൂടാതെ, ആധാർ അധിഷ്ഠിതമായ ബയോമെട്രിക് പരിശോധനയും ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട്. ഇത് പരിപൂർണ്ണമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, പി.എസ്.സി.യിലെ ഉയർന്ന ഉദ്യോഗസ്ഥർ അടങ്ങുന്ന പരിശോധന സ്ക്വാഡുകളും പരീക്ഷാകേന്ദ്രങ്ങളിൽ നിയോഗിച്ചുവരുന്നു. ഉദ്യോഗാർത്ഥികളുടെ ഭാഗത്തു നിന്നും ക്രമക്കേടുകൾ ഉണ്ടാകുന്ന പക്ഷം അവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നു.

**(സി)** പബ്ലിക് സർവീസ് കമ്മീഷന്റെ വിശ്വാസ്യത നഷ്ടപ്പെടുന്ന രീതിയിൽ പരീക്ഷാ തട്ടിപ്പ് ഉൾപ്പെടെയുള്ള കാര്യങ്ങൾ മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ പബ്ലിക് സർവീസ് കമ്മീഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമൊ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ നിലവിൽ വരുന്ന ഒഴിവുകൾ സമയബന്ധിതമായി പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നതിന് നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്ന് യഥാസമയം നിയമനം നടത്തുന്നതിലേക്ക്എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സ്ഥാപനമേധാവികൾക്കും നിർദ്ദേശം നൽകിക്കൊണ്ട് സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നിരുന്നാലും ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച സംഭവിക്കുന്നതായി പരാതികൾ ഉയർന്നിട്ടുള്ളത് സർക്കാർ ഗൗരവത്തോടെ കാണുന്നു. ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നു എന്നുറപ്പാക്കുവാൻ സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തുന്നതുൾപ്പെടെയുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**